# കൊച്ചി ഹാബ് ബൈ ഉഷയിൽ ക്രിസ്മസ് സ്പെഷ്യൽ പരിശീലനം

കൊച്ചി: രവിപുരത്തെ ഉഷാ ഷോറൂമിനോടനുബന്ധിച്ച് പ്രവർത്തിച്ചുവരുന്ന ഹാബ് ബൈ ഉഷയിൽ ക്രിസ്മസിനോടനുബന്ധിച്ച് ഉറ്റവർക്ക് നൽകുന്നതിനായുള്ള സമ്മാനങ്ങളുണ്ടാക്കാൻ പരിശീലനം ലഭ്യമാക്കുന്നു.

ആശംസാകാർഡുകൾ, ക്രിസ്മസ് ട്രീ, ഗിഫ്റ്റ് ബാഗുകൾ, ക്രിസ്മസ് അലങ്കാരങ്ങൾ എന്നിവ ഉണ്ടാക്കാൻ പഠിപ്പിക്കും.

ഡിസംബർ 25വരെ (ഞായറാഴ്ച ഇല്ല) രാവിലെ 9.30 മുതൽ വൈകിട്ട് 7.30 വരെ സമയങ്ങളിലാണ് മുക്കാൽ മണിക്കൂർ മുതൽ രണ്ട് മണിക്കൂർ വരെ നീണ്ടുനിൽക്കുന്ന പരിശീലനം. 200 രൂപ മുതൽ 750 രൂപ വരെയാണ് ഫീസ്.